28-11-2021

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -28/11/2021

1. ഒക്ടോബർ , നവംബർ മാസങ്ങളിൽ ഉണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും കൃഷിനാശം സംഭവിച്ച കർഷകർക്ക് AIMS പോർട്ടലിലൂടെ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി നവംബർ 30 വരെ നീട്ടിയിട്ടുണ്ട്. കർഷകർക്ക് സ്വന്തമായി www.aims.kerala.gov.in എന്ന ഓൺലൈൻ വെബ് പോർട്ടൽ വഴിയോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ, കൃഷിഭവൻ മുഖേനയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2. കോഴിക്കോട് കെ.വി.കെയുടെ മത്സ്യ വിപണനകേന്ദ്രം ഫ്രാങ്ക് (ഫിഷ് റിയരേഴ്സ് അസോസിയേഷൻ നോർത്ത് കോഴിക്കോട്) സൊസൈറ്റിയുടെ ഉൽപ്പന്നങ്ങളുടെ വിൽപനക്കായി തുറന്നുകൊടുത്തു. എല്ലാ ചൊവ്വാഴ്ചകളിലും സംഘടിപ്പിക്കുന്ന ആഴ്ച ചന്തയിൽ ഫ്രാങ്ക് സൊസൈറ്റി അംഗങ്ങളുടെ മത്സ്യങ്ങളും ജലസസ്യങ്ങളും കുറഞ്ഞ നിരക്കിൽ വിൽക്കപ്പെടുന്നു. വിശദവിവരങ്ങൾക്ക് 9207868543, 9946057345 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലയുടെ കാർഷിക വിജ്ഞാന വിപണന കേന്ദ്രം വേങ്ങേരിയിൽ അവോക്കാഡോ, മാതളം, പേര, പ്ലാവ്, മാവ്, ചാമ്പ, പാഷൻ ഫ്രൂട്ട്, റംബൂട്ടാൻ, സപ്പോട്ട എന്നീ ഫല വൃക്ഷ തൈകളും, കറ്റാർവാഴ, വേപ്പ്, കമുക്, കറിവേപ്പ്, കുടമ്പുളി, ഗ്രാമ്പു, കുരുമുളക്, പൂച്ചെടികൾ എന്നിവയുടെ തൈകളും, പച്ചക്കറി വിത്തുകൾ, ചിപ്പിക്കൂൺ വിത്തുകൾ, ജൈവവളങ്ങൾ, ജൈവനിയന്ത്രണ ഉപാധികൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവയും വില്പനയ്ക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ 0495 2935850 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0479-2452277, 9495805541 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

5. മൂല്യ വർദ്ധിത ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ എന്റർപ്രണർ സപ്പോർട്ട് സെന്റർ പ്രവർത്തനം ആരംഭിച്ചു. പ്രധാനമായും ചെറുകിട

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംരഭകർക്കും, യുവ സംരംഭകർക്കും പ്രോത്സാഹനം നൽകി ഉല്പന്നങ്ങൾക്ക് വിപണി ഉറപ്പിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ഉദ്ദേശം. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.00 മുതൽ വൈകുന്നേരം 4.30 വരെ എന്റർപ്രണവർ സപ്പോർട്ട് സെന്ററിന്റെ സേവനം ഉപയോഗപ്പെടുത്താമെന്ന് പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രം മേധാവി അറിയിക്കുന്നു.

6. കേരള കാർഷിക സർവ്വകലാശാല നടത്തിവരുന്ന ബി.എസ്.സി.(ഓണേഴ്സ്) അഗ്രിക്കൾച്ചർ കോഴ്സിന്റെ 2021 - 22 അദ്ധ്യയന വർഷത്തേക്ക് കാർഷിക മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ച സംസ്ഥാന തലത്തിൽ അവാർഡ് കരസ്ഥമാക്കിയ കർഷക പ്രതിഭയായ വിദ്യാർത്ഥിക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു സീറ്റിലേക്ക് യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾക്കും അപേക്ഷാ ഫോമിനും കേരള കാർഷിക സർവ്വകലാശാലയുടെ www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഡിസംബർ 7 (07.12.2021) ആണ് അപേക്ഷ ലഭിക്കേണ്ട അവസാന തിയതി.

7. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/സംഘടനയെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാ തലത്തിൽ തിരഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ, രജിസ്റ്റേർഡ് സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം **ഡിസംബർ മാസം 10–ാം** തീയതിയ്ക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ മൂന്ന് വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷാ ഫോറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിക്കുന്നു

8. റബ്ബർബോർഡിന്റെ മാർക്കറ്റ് പ്രൊമോഷൻ ഡിവിഷനിൽ **'ഇലക്ട്രോണിക് ട്രേഡിങ് പ്ലാറ്റ്ഫോമു'മായി ബന്ധപ്പെട്ട ജോലികൾക്ക് 'ബിസിനസ്സ് ട്രെയിനി'** ആയി താൽകാലികാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ മാസ്റ്റർ ഓഫ് ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ (മാർക്കറ്റിങ്)-ൽ ബിരുദമോ ഇക്കണോമിക്സിൽ മാസ്റ്റർ ബിരുദമോ ഉള്ളവരും കംപ്യൂട്ടർ പരിചയം ഉള്ളവരും ആയിരിക്കണം. മാർക്കറ്റിങ്/ സെയിൽസ്/ മാർക്കറ്റ് റിസേർച്ച്

എന്നിവയിലെ പ്രവൃത്തിപരിചയം അഭികാമ്യമാണ്. കോട്ടയത്ത് പുതുപ്പള്ളിയിലെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മാർക്കറ്റ് പ്രൊമോഷൻ ഡിവിഷനിലെ രണ്ട് ഒഴിവുകളിലേക്കാണ് നിയമനം നടത്തുന്നത്. താത്പര്യമുള്ളവർ നവംബർ 29-ന് വൈകിട്ട് 5.00 മണിക്ക് മുമ്പായി ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിങ്), മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രം, കോട്ടയം-9 എന്ന വിലാസത്തിൽ അപേക്ഷകൾ നൽകണം. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അർഹത നേടുന്നവർ 2021 ഡിസംബർ മൂന്നിന് കോട്ടയത്ത് റബ്ബർ ബോർഡിന്റെ കേന്ദ്ര ഓഫീസിൽ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറി ജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.org.in സന്ദർശിക്കുക.

**പരിശീലന പരിപാടികൾ**

9. കോഴിക്കോട് ജില്ലയിൽ 2021-22 ക്വാളിറ്റി കൺട്രോൾ പദ്ധതിയുടെ ഭാഗമായി **ചെറുകിട വളം, കീടനാശിനി ഡീലർമാർക്ക്** ജില്ലാ തലത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. തിക്കോടി , വടകര, പേരാമ്പ്ര, തോടന്നൂർ, തൂണേരി, കുന്നുമ്മൽ ബ്ലോക്ക് പരിധിയിൽ വരുന്ന ഡീലർമാർക്ക് നാളെ (29/11/2021) രാവിലെ 10.30 നും, കോഴിക്കോട്, കാക്കൂർ, കുന്ദമംഗലം, കൊടുവള്ളി, കൊയിലാണ്ടി, ബാലുശ്ശേരി എന്നീ ബ്ലോക്കുകൾക്ക് അന്നേ ദിവസം 2 മണിക്കും വേങ്ങേരിയലെ നഗര കാർഷിക മൊത്ത വിപണന കേന്ദ്രം, വീഡിയോ കോൺഫറൻസ് ഹാളിൽ വച്ച് പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ എല്ലാ ഡീലർമാരും പങ്കെടുക്കണമെന്ന് കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

10. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ, ഡിസംബർ മാസത്തിൽ കാടക്കോഴി വളർത്തൽ, തീറ്റപ്പുൽകൃഷിയും സൈലേജ് നിർമ്മാണവും, കറവപ്പശു വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ 0494 296 2296, 8089293728 എന്നീ നമ്പറുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.